LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷാഭവനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുവാൻ നടപടി

103 (3662) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷാഭവനിൽ നിന്നും അയച്ചു എന്ന് പറയപ്പെടുന്ന സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടില്ല എന്ന് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിച്ചാൽ ഒരു നിശ്ചിത ദിവസത്തിനകം ഇതിൽ തീർപ്പുണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരം പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ബി) പരീക്ഷാ ഭവന്റെ മേൽനോട്ടത്തിൽ ഇരുപത്തി എട്ടിലധികം പരീക്ഷകൾ പ്രതിവർഷം നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഇതുകൂടാതെ പല സർട്ടിഫിക്കറ്റുകളുടേയും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്കു വേണ്ടിയുള്ള അപേക്ഷകളും പരീക്ഷാഭവനിൽ ലഭിക്കാറുണ്ട്. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റുകൾക്കുവേണ്ടിയുള്ള അപേക്ഷകളിൽ സർട്ടിഫിക്കറ്റ് വിതരണത്തിന് മുമ്പ് പല നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതുള്ളതുകൊണ്ടും അപേക്ഷകരുടെ ബാഹുല്യം കാരണവും കാലതാമസം നേരിടുന്നുണ്ട്. ആയതിനാൽ ഒരു നിശ്ചിത ദിവസത്തിനകം അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും സർട്ടിഫിക്കറ്റുകൾക്കായി പൂർണ്ണ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകളിൽ കഴിവതും വേഗം തീർപ്പുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള അദ്ധ്യാപകരുടെ നിയമനത്തിന് നടപടി

104 (3663) ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താൽക്കാലിക വ്യവസ്ഥയിൽ നിയമനം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള അദ്ധ്യാപകരുടെ നിയമനത്തിന് കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചു വരുന്നു.